# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം പി15-222/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കോട്ടയം
കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം പി15-222/2022 തീയ്യതി: 25/05/2022

## കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 27-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പത്മ ചന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ.സുനിൽ പി.വി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ഷിനോദ് പി.ആർ | സെക്രട്ടറി | 01-04-2020 | 30-01-2021 |
| ശ്രീ.വി.ജെ.ജോസഫ് | സെക്രട്ടറി | 01-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബെറ്റ്സി തോമസ് | ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 19-08-2020 |
| ശ്രീമതി ഷീബ എം.കെ. | ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ | 26-08-2020 | 23-02-2021 |
| ശ്രീമതി സുമം ഐ. | ജനറൽ എക്സ്റ്റെൻൻ ഓഫീസർ | 03-03-2021 | 31-03-2021 |
| ശ്രീ.എ.ആർ സന്തോഷ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അനീഷ് വി.നായർ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 30-06-2020 |
| വി.ജി.ഗോപകുമാർ | പട്ടികജാതി വികസന ഓഫീസർ | 01-07-2020 | 10-02-2021 |
| എം.ആർ.അജിത്ത്കുമാർ | പട്ടികജാതി വികസന ഓഫീസർ | 11-02-2021 | 14-02-2021 |
| ജിഷാകുമാരി എം.ആർ. | പട്ടികജാതി വികസന ഓഫീസർ | 15-02-2021 | 31-03-2021 |
| ശ്രീമതി എൽ.അംബിക | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സുധർമ്മിണി റ്റി.തങ്കപ്പൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,തലയോലപ്പറമ്പ് | 01-04-2020 | 08-03-2021 |
| ഡോ.ബിജു ജോണ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,തലയോലപ്പറമ്പ് | 09-03-2021 | 31-03-2021 |
| ഡോ.ബിജു ജോണ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,അറുന്നൂറ്റിമംഗലം | 01-04-2020 | 08-03-2021 |
| ഡോ.സുധർമ്മിണി റ്റി.തങ്കപ്പൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,അറുന്നൂറ്റിമംഗലം | 09-03-2021 | 31-03-2021 |
| ശ്രീ.ബാബുരാജ് ജി. | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ കെ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സജീവ് എം.കെ. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി രേഖ ടി നായർ | അസി.എഞ്ചിനീയർ.എൽ.എസ്.ജി.ഡി | 01-04-2020 | 13-11-2020 |
| ശ്രീമതി ലീന വി. | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 16-11-2020 | 17-02-2021 |
| ശ്രീമതി ബിജിമോൾ പി.പി. | അസി.എഞ്ചിനീയർ.എൽ.എസ്.ജി.ഡി | 18-02-2021 | 16-03-2021 |
| ശ്രീമതി നിഖിത പി. | അസി.എഞ്ചിനീയർ.എൽ.എസ്.ജി.ഡി | 17-03-2021 | 31-03-2021 |

11.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Yogesh R (Senior Grade Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 29-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Ratheesh C R (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ratheesh C R (Audit Officer, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-6 |
| 7 | സാമൂഹ്യ സുരക്ഷാപദ്ധതികൾ<br>Written By: Yogesh R (Senior Grade Auditor, On 02-02-2022)<br>Last Updated By: Yogesh R (Senior Grade Auditor, On 02-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ratheesh C R (Audit Officer, On 01-02-2022)<br>Last Updated By: Beenakumari T V (Auditor, On 01-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ratheesh C R (Audit Officer, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-10 |
| 11 | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Bineeth Rajan (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-11 |
| 12 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Bineeth Rajan (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-12 |
| 13 | ലൈഫ് ഭവന പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-13 |
| 14 | വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കൈമാറിയ തുക -കണക്ഷൻ ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.<br>Written By: Bineeth Rajan (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-14 |
| 15 | വാഹനപരിപാലനം - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Bineeth Rajan (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | 1-15 |
| 16 | വനിത ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Bineeth Rajan (Auditor, On 01-02-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Sinimol Francis (Computer Assistant, On 23-05-2022) | |
| 17 | കൊയ്ത്തുമെതിയന്ത്രം - വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Bineeth Rajan (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-17 |
| 18 | വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകതകൾ<br>Written By: Bineeth Rajan (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-18 |
| 19 | വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയതുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Yogesh R (Senior Grade Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-19 |
| 20 | നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Yogesh R (Senior Grade Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-20 |
| 21 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-21 |
| 22 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി--5 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയില്ല.<br>Written By: Beenakumari T V (Auditor, On 01-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-22 |
| 23 | വെള്ളൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 10 ലെ ആറാട്ട് മണപ്പുറം ഗ്രൗണ്ട്-നവീകരണം - പദ്ധതി സമഗ്രമല്ല<br>Written By: Ratheesh C R (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-23 |
| 24 | പാടശേഖരത്തിന് മോട്ടോർ സ്ഥാപിക്കൽ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 1-24 |
| 25 | തലയോലപ്പറമ്പ് സി.എച്ച് .സി .യിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം – ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-25 |
| 26 | ആയാംകുടി പള്ളിത്താഴെ പാടശേഖരം - ബണ്ട് ബലപ്പെടുത്തൽ - പെട്ടി പറ സ്ഥാപിക്കൽ - അപാകതകൾ<br>Written By: Ratheesh C R (Audit Officer, On 03-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Beenakumari T V (Auditor, On 02-02-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 30-01-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Beenakumari T V (Auditor, On 02-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Beenakumari T V (Auditor, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Beenakumari T V (Auditor, On 02-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 24-05-2022) | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Beenakumari T V (Auditor, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 30-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 25-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.03.2020 തീയതിയിലെ 1(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2315268 | 5074577 |
| വരവ് | 236116368 | 62709554 |
| ആകെ | 238431636 | 67784131 |
| ചെലവ് | 234736000 | 65050117 |
| നീക്കിയിരിപ്പ് | 3695636 | 2734014 |

### 1-2 വാർഷിക ധനകാര്യ പത്രിക

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 62509125/- രൂപയും ചെലവ് 49071542/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 13437583/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 95140819/- രൂപയും ബാധ്യതകളുടെ മൂല്യം 55747520/- രൂപയും ജനറൽ ഫണ്ട് 39393299/- രൂപയുമാണ്

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.7.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി ബാദ്ധ്യതകളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാനായില്ല.
2. തൻവർഷം ആസ്തി, ക്യാപിറ്റൽ എന്നിവയിലേക്ക് മാറ്റിയ തുകകളുടെ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ കൃത്യത ഉറപ്പാക്കാനായില്ല.
3. RP 40(b) പ്രകാരം ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ 176091 (450250103)രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
4. സർക്കാർ ഇതര ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ, അവയുടെ ചെലവ് (RP 31 പ്രകാരം), നീക്കിയിരിപ്പ് (B4 പ്രകാരം) തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
5. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി ബി 11(a) ഷഡ്യൂളിൽ 510979 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
6. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമല്ലാത്തതിനാൽ I-17(a) ഷെഡ്യൂൾ പ്രകാരം കണക്കാക്കിയ തുകയുടെ കൃത്യത വ്യക്തമല്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5074577 |
| ഓഡിറ്റ് വർഷത്തെ വരവ് | 62709554 |
| ആകെ | 67784131 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 65050117 |
| നീക്കിയിരിപ്പ് | 2734014 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9398548 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 26444637 | 26444637 | 26363007 | 81630 | 99.69 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 15855116 | 15855116 | 14153695 | 1701421 | 89.27 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 280000 | 280000 | 231700 | 48300 | 82.75 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 4611877 | 4611877 | 4610109 | 1768 | 99.96 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 4960000 | 4960000 | 2785579 | 2174421 | 56.16 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 4960000 | 4960000 | 4519031 | 440969 | 91.11 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2 ൽ പരാമർശിക്കുന്ന അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

2020-21 പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതി പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം താഴെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 23.12.2019 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം | 23.12.2019 |
| ബ്ലോക്ക് ഗ്രാമസഭ | 01.02.2020 |
| വികസന സെമിനാർ | 26.02.2020 |

വാർഷികപദ്ധതിയുടെ അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 28-01-2021 ലെ 898/20/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 74033121/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്റ്റുകൾപ്പെടെ ആകെ 118 പ്രോജക്റ്റുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

അംഗീകാരം കിട്ടിയ പ്രോജക്റ്റുകളിൽ സ്പിൽ ഓവർ ഉൾപ്പെടെ 102 പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആയതിന് വിവിധ സ്രോതസ്സുകളിൽ നിന്നായി ആകെ ചെലവ് 54373552/- രൂപ മാത്രമാണ്. പദ്ധതിച്ചെലവ് 73.44 ശതമാനമാണ് .

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

2020-21 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യാഗസ്ഥൻ | ആകെ പ്രോജക്റ്റുകൾ | നടപ്പാക്കിയ പ്രോജക്റ്റുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 3 | 3 | 2214150 | 2179250 | 98.42 |
| സെക്രട്ടറി | 30 | 26 | 20248679 | 14883966 | 73.51 |
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 282370 | 162370 | 57.5 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 15 | 13 | 2799280 | 1735370 | 61.99 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 6043000 | 4415000 | 73.06 |
| അസി.ഡയറക്ടർ, കൃഷി | 2 | 2 | 5441000 | 5400124 | 99.25 |
| ക്ഷീരവികസന ഓഫീസർ | 4 | 4 | 2830000 | 2813714 | 99.42 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 2340000 | 140000 | 5.98 |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 | 50000 | 45126 | 90.25 |
| അസി.എഞ്ചിനീയർ | 58 | 48 | 31784692 | 22598632 | 71.1 |
| ആകെ | 118 | 101 | 74033171 | 54373552 | 73.44 |

വാർഷിക പദ്ധതി നേട്ടങ്ങൾ/ കോട്ടങ്ങൾ

ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, വികലാംഗർക്ക് സ്കൂട്ടർ, മഹിളാമന്ദിരത്തിന് റിക്രിയേഷൻ ക്ലബ്ബ്, സി.എച്ച്.സി.കളിലേക്ക് മരുന്ന് വാങ്ങൽ, വനിതകൾക്ക് ഓട്ടോ തുടങ്ങി സേവനമേഖലയിൽ വൈവിദ്ധ്യങ്ങളാർന്ന പ്രോജക്ടുകൾ നടപ്പാക്കി. 10 നിർവ്വഹണോദ്യോഗസ്ഥരുണ്ടായിരുന്നെങ്കിലും ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വ്യവസായ വികസന ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവയുടെ പദ്ധതി നിർവ്വഹണം ഒന്നോ രണ്ടോ പദ്ധതികളിൽ മാത്രമായി ഒതുങ്ങി. സീനിയർ വെറ്ററിനറി സർജൻ തൻവർഷം പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ച് നടപ്പാക്കിയില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

പരാമർശമില്ല.

## 1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

പരാമർശമില്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2022-ൽ 3.30 പി.എം.-ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും സെക്ഷനുകൾ ചെയ്യുന്ന ജോലികൾ മേൽനിരീക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണം അതാത് സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ മോണിട്ടർ ചെയ്യുന്നില്ല. പ്രോജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. കൂടാതെ ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതികളിൽ ടി സ്ഥാപനങ്ങളിൽ നിന്നും വിശദമായ വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നില്ല. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുമ്പോൾ വൗച്ചറുകളിൽ വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2019 മുതൽ 15.07.2019 വരെ | 01.04.2018 മുതൽ 31.03.2019 വരെ | 02.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2018 മുതൽ 21.03.2018 വരെ | 2013-14 മുതൽ 2017-18 വരെ | 25.04.2018 |

## 1-11 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - പ്രോജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 100/20-21 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ചൈൽഡ് ഡെവലെപ്മെന്റ് പ്രോജക്ട് ഓഫീസർ |
| ചെലവ് | 488600 |
| ഫണ്ട് | വികസനഫണ്ട് ജനറൽ |
| ബിൽ നം. | 2/20-21 13.05.2020 |

മേൽ പ്രോജക്ട് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1.സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവിനു സ്കൂട്ടർ ഓടിക്കാൻ കഴിയുമെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണമെന്ന് നഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ച സാക്ഷ്യപത്രങ്ങൾ അപൂർണ്ണവും ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാത്തതാണെന്നും കാണുന്നു.

1) ശ്രീ വിൽസൺ കെ വി,കൊച്ചുപുഞ്ചയിൽ

2) ശ്രീ ചന്ദ്രകുമാർ,വട്ടക്കേരയിൽ

2.ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കണമെന്ന് വാഹന കൈമാറ്റവേളയിൽ സമർപ്പിച്ച കരാർ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. ഇപ്രകാരമുള്ള ലൈസൻസ് ലഭ്യമായതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/01.02.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 28/20-21 സി എച്ച് സി അറുനൂറ്റിമംഗലത്തിലേയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) അറുനൂറ്റിമംഗലം |
| ചെലവ് | 300000 |
| ഫണ്ട് | മെയ്ന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം. | 26/20-21 തീയതി 15.10.2020 |

മേൽ പ്രോജക്ടിലേയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 300000 രൂപ 15.10.2020ൽ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 296870 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. 3130/- രൂപയുടെ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/01.02.2022) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ സ്റ്റോക്കിലില്ലാത്തതുകൊണ്ടാണ് ലഭ്യമാകാത്തത് എന്നറിയിച്ചു. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 3130 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 ലൈഫ് ഭവന പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

2020-21 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ലൈഫ് ഭവനപദ്ധതി പ്രോജക്ടുകൾക്കായി വിസനഫണ്ട് (ജനറൽ), എസ്.സി.പി, റ്റി.എസ്.പി എന്നിവയിൽ നിന്നും ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് താഴെ പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.

1.പ്രോജക്ട് നം. 01/21-ലൈഫ് ഭവന പദ്ധതി (ജനറൽ)

| ക്രമ നം. | തുക | ബിൽ നം./തീയതി |
|---|---|---|
| 1 | 400000 | 86/16.09.20 |
| 2 | 120000 | 95/24.09.20 |
| 3 | 200000 | 125/29.10.20 |
| 4 | 1000000 | 128/02.11.2020 |
| 5 | 200000 | 129/02.11.20 |
| 6 | 200000 | 130/03.11.20 |
| 7 | 160000 | 144/10.11.2020 |
| 8 | 600000 | 145/10.11.20 |
| 9 | 160000 | 162/28.12.20 |
| 10 | 50000 | 276/25.03.21 |
| | 3090000 | |

2.പ്രോജക്ട് നം. 02/21 ലൈഫ് ഭവന പദ്ധതി (എസ്.സി.പി)

| ക്രമ നം. | തുക | ബിൽ നം./തീയതി |
|---|---|---|
| 1 | 225000 | 81/08.09.20 |
| 2 | 160000 | 85/15.09.20 |
| 3 | 160000 | 94/24.09.20 |
| 4 | 225000 | 123/29.10.20 |
| 5 | 225000 | 158/28.12.20 |
| 6 | 160000 | 159/28.12.20 |
| 7 | 320000 | 179/13.01.21 |
| 8 | 230000 | 226/04.02.21 |
| 9 | 500000 | 235/09.02.21 |
| 10 | 450000 | 236/10.02.21 |
| | 2655000 | |

3.പ്രോജക്ട് നം. 166/21 ലൈഫ് ഭവന പദ്ധതി (റ്റി.എസ്.പി)

| ക്രമ നം. | തുക | ബിൽ നം./തീയതി |
|---|---|---|
| 1 | 131000 | 261/02.03.21 |

മേൽ തുകകൾ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് നൽകിയത് എന്നതിന്റെ വിവരം, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ കൈപ്പറ്റിയതിന്റെ വിവരം, ഓരോ ഗുണഭോക്താക്കൾക്കും തുക നൽകിയതിന്റെ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/01.02.22) വി.ഇ.ഒ.മാർ തുക മാറിയ ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പ്രസ്തുത പദ്ധതികൾ പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും നൽകിയ തുകയുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-14 വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കൈമാറിയ തുക -കണക്ഷൻ ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നം.100/20-21 തീയതി 29.01.2021 പ്രകാരം സാമൂഹ്യ ആരോഗ്യകേന്ദ്രം തലയോലപ്പറമ്പിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് 59898/- രൂപ കെ എസ് ഇ ബി തലയോലപ്പറമ്പ് സെക്ഷന് കൈമാറിയതായി കാണുന്നു.(ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 20.01.2021 ലെ തീരുമാനപ്രകാരം).മേൽ പ്രവൃത്തി നിർവ്വഹിച്ച് സ്ഥാപനം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/01.02.22) ലഭ്യമാക്കിയ മറുപടിയ്ക്കൊപ്പം കെ എസ് ഇ ബിയിൽ നിന്നുള്ള വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ 59898/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 വാഹനപരിപാലനം - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ചുള്ള ധനവകുപ്പിന്റെ സർക്കുലർ നം. 41/2008/ധന. തീയതി 02.08.2008 പ്രകാരം ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ (KL 36 – C 8181, KL 36 A 9116) ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/01.02.2022) ലഭ്യമാക്കിയ മറുപടിയിൽ ഇന്ധനക്ഷമത ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു. വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ/നിർദ്ദേശങ്ങൾ എന്നിവ കർശനമായി പാലിക്കേണ്ടതാണ്. വാഹന സംബന്ധമായ അറ്റകുറ്റപ്പണികൾ നടത്തുമ്പോഴും ടയറുകൾ ഉൾപ്പെടയുള്ള സ്പെയർ പാർട്സ് മാറുമ്പോഴും പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും ആവശ്യകതാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

1-16 വനിത ക്ഷീരകർഷകരുടെ കറവപ്പശുക്കൾക്ക് കാലിത്തീറ്റ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
|---|---|
| അടങ്കൽ | 1500000 |
| ചെലവ് | 1500000 |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ബിൽ നം | 10/20-21 തീയതി 30.03.21 |

മേൽ പ്രോജക്ടിന്റെ ഭാഗമായി 1500000 രൂപ കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന് 30.03.2021 ൽ കൈമാറുന്നതിനായി BIMS സോഫ്റ്റ്‌വെയർ മുഖേന ബിൽ നൽകിയതായി കാണുന്നു. 10.08.2021 ൽ സബ് ട്രഷറി ഓഫീസർ കടുത്തുരുത്തിക്ക് നൽകിയ കത്തിൽ മേൽ അക്കൗണ്ട് നമ്പർ തെറ്റിയതിനാൽ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ നിന്നും വ്യക്തമാകുന്നു. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/31.01.2022) ലഭ്യമാക്കിയ മറുപടിയിൽ കേരള ഫീഡ്സ് കമ്പനി ആദ്യം നല്കിയ KFLTSRKGD060028 അക്കൗണ്ട് നമ്പർ ലൈവ് ആകാതിരുന്നതിനാലാണ് തുക കൈമാറുന്നതിന് തടസ്സം ഉണ്ടായതെന്ന് അറിയിച്ചു. മേൽ സ്ഥാപനത്തിന്റെ 67069939680 എന്ന അക്കൗണ്ടിൽ തുക കൈമാറിയതായും അറിയിച്ചു. കേരള ഫീഡ്സ് തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് വിവരം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രയവിക്രയങ്ങളിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

മേൽ പ്രോജക്ടിനായി കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 26 ക്ഷീര സംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. കേരള ഫീഡ്സിൽ നിന്നും ലഭ്യമായ 02.01.2021ലെ കെ.എഫ്.എൽ/430/99(III)/85/2021 നമ്പർ കത്തിലെ 9-ാം നമ്പർ വ്യവസ്ഥ പ്രകാരം കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30 രൂപ നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതായിരിക്കുമെന്നും ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തീകരിച്ച് വില പൂർണ്ണമായും കമ്പനിയിൽ ലഭിച്ചതിന് ശേഷം നിർവ്വഹണോദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്നതായിരിക്കുമെന്നും നിഷ്കർഷിച്ചിരുന്നു. ഇത് പ്രകാരമുള്ള തുക കേരള ഫീഡ്സിൽ നിന്നും ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (2/31.01.2022) കൈകാര്യ ചെലവ് കേരള ഫീഡ്സിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കി. പ്രോജക്ടിന്റെ ഭാഗമായി 2394 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതായി കാണുന്നു. ആകെ കൈകാര്യ ചെലവായ 71820/- രൂപ (30x2394) ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 കൊയ്ത്തുമെതിയന്ത്രം - വിശദാംശങ്ങൾ ലഭ്യമല്ല

| | |
|---|---|
| വൗച്ചർ നം | 69/20-21 |
| തീയതി | 30.09.20 |

മേൽ വൗച്ചർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ കൊയ്ത്തുമെതിയന്ത്രം സൂക്ഷിച്ചിരിക്കുന്ന മുറിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 4200/- രൂപ ചെലവായിട്ടുണ്ട്. കൊയ്ത്തുമെതിയന്ത്രം നിലവിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/31.03.2022) ലഭ്യമാക്കിയ മറുപടിയിൽ കൊയ്ത്തുമെതിയന്ത്രത്തിന്റെ കസ്റ്റോഡിയൻ കൃഷി അസിസ്റ്റന്റ് ഡയറക്ടറാണെന്നും, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയം നടത്തിയ പരിശോധനയിൽ മേൽ യന്ത്രം പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്ത വിധത്തിൽ കേടായതായി അറിയിച്ചതായി കാണുന്നു. ഈ സാഹചര്യത്തിൽ കൊയ്ത്ത് മെതിയന്ത്രം ലേലം ചെയ്ത് നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ കസ്റ്റോഡിയൻ ഓഫീസറുമായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വനിത ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി - അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 700000 |
| ചെലവ് | 700000 |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ബിൽ നം | 6/20-21 തീയതി 30.03.21 |

വനിതാ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾക്ക് നൽകുന്ന ഒരു ലിറ്റർ പാലിനു 4 രൂപ കണക്കാക്കി അത്രയും തുക വനിതാ ക്ഷീരകർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. ഫയൽ പരിശോധനയിൽ 2513/- രൂപ സെക്രട്ടറി എന്ന് രേഖപ്പെടുത്തിയ ഗുണഭോക്താവിനു കൈമാറിയതായി കാണുന്നു (00000067196037915 – 121/-, 57040700274 – 2392/-). വനിതാ ക്ഷീരകർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ടിന്റെ തുക മേൽ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (3/31.01.2022) കറവപ്പശു വിതരണത്തിനുള്ള ലോൺ അക്കൗണ്ടിലേക്കാണ് തുകകൾ ക്രെഡിറ്റായതെന്ന് അറിയിച്ചു. തുക ശരിയായ അക്കൗണ്ടിൽ ക്രെഡിറ്റ്

ചെയ്ത് വിവരം ബാങ്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3/

**1-19 വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയതുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു**

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിനായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ഫണ്ടിനം/ ചെലവുതുക | ബിൽ നം | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 16/21, വീട് വാസയോഗ്യമാക്കൽവിഹിതം കൈമാറൽ | ടി.എസ്.പി- 60700 | 19700-236/09.02.21<br>41000-273/24.03.21 | തുക കൈമാറിയ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 2 | 37/21 , അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും വിഹിതം കൈമാറൽ | വികസന ഫണ്ട്- 250000 | 300/27.03.21 | തുക കൈമാറിയ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 3 | 98/21, വയോമിത്രം പദ്ധതി -ബ്ലോക്ക് പഞ്ചായത്ത് വിഹിതം | വികസന ഫണ്ട്- 285540 | 27/20-21/24.11.20 | സാമൂഹ്യ സുരക്ഷാ മിഷൻ |
| 4 | 138/21, സുഭിക്ഷ കേരളം പദ്ധതി-മത്സ്യകൃഷി (ജനറൽ)- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-498213 | 30000-275/24.03.21<br>125000-274/24.03.21<br>5123-313/29.03.21<br>162480-299/26.03.21<br>114780-310/29.03.21<br>60830-311/29.03.21 | തുക കൈമാറിയ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 5 | 139/21, സുഭിക്ഷ കേരളം പദ്ധതി-മത്സ്യകൃഷി (എസ്.സി)- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറൽ | എസ്.സി.പി-98142 | 50000-278/25.03.21<br>48142-312/29.03.21 | തുക കൈമാറിയ സ്ഥാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 6 | 159/21, കില സി.എച്ച്.ആർ.ഡി യിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം- വിഹിതം കൈമാറൽ | വികസന ഫണ്ട്- 300000 | 300000-17/20-21/ 13.10.20 | കില |
| 7 | 161/21, കല്ലറ ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഉറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കൽ | ടി.എസ്.പി-40000 | 34500-166/024.01.21<br>5500-197/23.01.21 | കല്ലറ ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 8 | 163/21, വയോജന വിശ്രമ കേന്ദ്രം നിർമ്മാണം പൂർത്തീകരണം-വിഹിതം കൈമാറൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-386497 | 284940-196/22.01.21<br>101557-260/28.02.21 | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 9 | 164/21-ജില്ലാ പ്ലാനിംഗ് സെക്രട്ടറിയേറ്റ് നിർമ്മാണം-വിഹിതം കൈമാറൽ | വികസന ഫണ്ട്(ജനറൽ)-75000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-492674<br>തനത് ഫണ്ട്-132326 | 492674-22/20-21 /6.11.20<br>75000-23/20-21/ 6.11.20<br>132326-255/18.02.21 | ജില്ലാ പ്ലാനിംഗ് ഓഫീസ് |
| | ആകെ | 2619092 | | |

മുകളിൽ ക്രമ നം. 1, 2, 4, 5 പ്രകാരമുള്ള പ്രോജക്ടുകളിലെ തുകകൾ ഏത് സ്ഥാപനങ്ങൾക്കാണ് നൽകിയതെന്ന വിവരവും സ്ഥാപനങ്ങൾ തുക വിനിയോഗിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 07/31.01.22) വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കത്തുകൾ നൽകിയിട്ടുണ്ടെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 2619092/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 നിക്ഷേപ പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ , പേര് | ഒടുക്കിയ തുക | തുക ഒടുക്കിയ സ്ഥാപനം | ബിൽ നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | 56/21 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -എസ്.സി വിവിധ പഞ്ചായത്തുകളിൽ (മുളക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 12) | 300000/- | കേരള വാട്ടർ അതോറിറ്റി | 20/20-21/ 27.10.20 | വാട്ടർ അതോറിറ്റി യുമായി കരാറിലേർ പ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. |
| 2 | 99/21 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ്.സി.പി. (കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്) | 775000<br>323000(വികസന ഫണ്ട്-ജനറൽ)<br>452000(എസ്.സി.പി) | കേരള വാട്ടർ അതോറിറ്റി | 02/20-21/ 24.04.20-300000<br>03/20-21/ 24.04.20-152000<br>04/20-21/ 24.04.20-323000 | |
| 3 | 145/21 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (തലയോലപ്പറമ്പ്,ഞീഴൂർ, | 1879000- ധനകാര്യകമ്മീഷൻ ഗ്രാന്റ് | കേരള വാട്ടർ അതോറിറ്റി | 16/20-21/ 08.10.20-438000<br>24/20-21/ 06.11.20-500000 | |

| | | | | | |
|---|---|---|---|---|---|
| | വെള്ളൂർ,മുളക്കുളം ഗ്രാമപഞ്ചായത്തുകൾ) | | | 39/20-21/ 27.01.21-320000<br>41/20-21/ 30.01.21-186000<br>43/20-21/ 18.02.21-435000 | |
| 4 | 167/21 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ- എസ്.സി (തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്) | 244514 | കെ.എസ്.ഇ.ബി | 53/20-21 /16.03.21 | |
| | ആകെ | 3198514 | | | |

മേൽ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം, വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/31.01.22) വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുവാൻ ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് കത്തുകൾ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രങ്ങൾ, വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 3198514/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണോദ്യോഗസ്ഥനായി 2020-21-ൽ താഴെപ്പറയും പ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | വിനയോഗവിവരങ്ങൾ |
|---|---|---|---|---|
| 1 | നെൽകൃഷിക്ക് കൂലിച്ചെലവ് (38/20-21) | 4677000 (2802940- വികസനഫണ്ട്,ജനറൽ, 1874060- ധനകാര്യ കമ്മീഷൻ അവാർഡ്) | 4636124 (2802940- വികസനഫണ്ട്- ജനറൽ, 1833184- ധനകാര്യകമ്മീഷൻ അവാർഡ്) | ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 6 ഗ്രാമപഞ്ചായത്തുകൾക്ക് 4612591 രൂപ കൈമാറി.23533/- രൂപ നേരിട്ട് നിർവ്വഹണം നടത്തി.2082817 രൂപയുടെ വിനയോഗവിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. 2553307 രൂപയുടെ വിനയോഗവിവരങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമല്ല. |
| 2 | നെൽകൃഷിക്ക് കൂലിച്ചെലവ് (134/20-21) | 764000 വികസനഫണ്ട്,ജനറൽ | 764000 വികസനഫണ്ട്, ജനറൽ | 764000 രൂപയുടെ വിനയോഗവിവരങ്ങൾ വിവരങ്ങൾ ലഭ്യമല്ല. |

മേൽ തുകകളുടെ വിനയോഗവിവരങ്ങൾ, തുക കൈമാറിയ വിവരങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനയോഗവിവരങ്ങളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 3317307/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനയോഗസാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി--5 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 8/21 |
| പ്രോജക്ടിന്റെ പേര്, ഫണ്ടിനം | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി<br>വികസനഫണ്ട് (എസ്.സി.പി.) |
| ചെലവ് | 23,80,000/- |
| നിർവ്വഹണോദ്യാഗസ്ഥൻ | പട്ടികജാതിവികസന ഓഫീസർ |

എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായി താഴെ പറയുന്ന ഗുണഭോക്താക്കൾ 3 ഗഡുക്കളായി തുക കൈപ്പറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു നൽകിയ തീയതി | ആകെ നൽകിയ തുക |
|---|---|---|---|
| 1 | രാഹുൽ രാജ്, S/o.രാജീവ് എം.ആർ, പെരുന്തുരുത്ത് | 24.12.2020 | 1,50,000 |
| 2 | അനിരുദ്ധൻ എസ്., S/o.മിനിമോൾ, കല്ലറ | 24.12.2020 | 1,50,000 |
| 3 | അഞ്ജു ഗോപാൽ, D/o ഗോപാലകൃഷ്ണൻ, പെരുമ്പടവം | 19.02.2021 | 1,25.000 |
| 4 | വിഷ്ണുബാബു, S/o ബാബു പി.കെ, കുന്നപ്പിള്ളി | 27.02.2021 | 1,25,000 |
| 5 | ആയുസ് പ്രകാശ്, തൈപ്പടവിൽ, വടയാർ | 19.02.2021 | 1,70,000 |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/31.01.22) പദ്ധതി പൂർത്തീകരിക്കുവാൻ ടി ഗുണഭോക്താക്കൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 വെള്ളൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 10 ലെ ആറാട്ടു മണപ്പുറം ഗ്രൗണ്ട്- നവീകരണം - പദ്ധതി സമഗ്രമല്ല

പ്രോജക്റ്റ് നമ്പർ 87/21 - ആറാട്ടു മണപ്പുറം ഗ്രൗണ്ട് നവീകരണം - വെള്ളൂർ ഗ്രാമ പഞ്ചായത്ത്

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി പ്രകാരം വെള്ളൂർ ഗ്രാമ പഞ്ചായത്ത് വാർഡ് - 10 ലെ ആറാട്ടു മണപ്പുറം ഗ്രൗണ്ട് മണ്ണടിച്ച് ഉയർത്തി ആറ്റു തീരം ഉപയോഗ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. പദ്ധതി പ്രകാരം 60 മീറ്റർ നീളം , 15 മീറ്റർ വീതി വരുന്ന ഭാഗം ഏകദേശം 1.5 മീറ്റർ ഉയരത്തിൽ മണ്ണടിച്ച് ഉയർത്തിയതിലേക്കായി 338913/- രൂപ (Bill No. 49/30.01.2021) , 131087/-രൂപ , (Ch. No 248465/30.07.2021- Rs 207826/- ) ചെലവഴിച്ചിട്ടുണ്ട് . എന്നാൽ ഇതേ സ്ഥലത്ത് കോട്ടയം ജില്ലാ പഞ്ചായത്തും മറ്റൊരു പദ്ധതിയിലൂടെ ( SO 844/21- വെള്ളൂർ ഗ്രാമപഞ്ചായത്ത് ആറാട്ടു മണപ്പുറം സൈഡ് കെട്ടും അടിസ്ഥാന സൗകര്യ വികസനവും – Rs. 1747810/-) സംരക്ഷണ ഭിത്തികെട്ടലും, മണ്ണടിച്ച് ഉയർത്തലും നടത്തിയിട്ടുണ്ട്. 01-02-2022 -ൽ നടത്തിയ സ്ഥല പരിശോധനയിൽ പുഴയോരത്തിന്റെ കുറെ ഭാഗം കരിങ്കല്ല് കെട്ടിയിട്ടുള്ളതായും, തീരം മണ്ണടിച്ച് ഉയർത്തിയിട്ടുള്ളതായും കാണുന്നു. എന്നാൽ ഇനിയും ഏതാനും ഭാഗത്ത് കൂടി കല്ല് കെട്ടുവാനും, മണ്ണ് ഫില്ല് ചെയ്യുവാനും ഉള്ളതായും കാണുന്നു. കൃത്യമായി അതിര് വേർതിരിക്കാത്തതിനാൽ ആയതിന്റെ അളവ് നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ഒരേ തരത്തിലുള്ള പദ്ധതി രണ്ടു സ്ഥാപനങ്ങളും വ്യത്യസ്ത പ്രോജക്റ്റായി നടപ്പാക്കുന്നതിന് പകരം സംയുക്ത പ്രോജക്റ്റായി നടപ്പാക്കേണ്ടതായിരുന്നു. ഈ സ്ഥലം വെള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ കൈവശത്തിലിരിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി സംയുക്ത പ്രോജക്റ്റായി പദ്ധതി നടപ്പാക്കിയില്ല.
2. ടി സ്ഥലം ഏതാവശ്യത്തിനായി ഉപയോഗിക്കുവാൻ ലക്ഷ്യമിടുന്നു എന്നതിന്റെ വിവരം ലഭ്യമല്ല.
3. ടി സ്ഥലത്തിന്റെ ബാക്കി ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടി ഫില്ലിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.
4. ടി സ്ഥലം സ്വകാര്യ വ്യക്തികൾ കൈയ്യേറാതെ അതിര് കെട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (20/20-21 തീയതി 02.02.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല . മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-24 പാടശേഖരത്തിന് മോട്ടോർ സ്ഥാപിക്കൽ - അപാകതകൾ

135/21 - കടുത്തുരുത്തി വാലാച്ചിറ പാടം - മോട്ടോർ അനുബന്ധ പൈപ്പ് ലൈൻ -മാത്തങ്കരി സി ബ്ലോക്ക് വാച്ചാൽ നിർമ്മാണം
ബിൽ നം.37/20-21 തീയതി 11.01.2021

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി പ്രകാരം പാടശേഖരത്തിന് മോട്ടോർ സ്ഥാപിക്കൽ (10 HP Kirloskar Motor ), അനുബന്ധ വയറിങ്ങ് സംവിധാനം ഏർപ്പെടുത്തൽ എന്നിവ നടപ്പാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ പിന്നീട് പാടശേഖരസമിതിയുടെ അപേക്ഷ പ്രകാരം വയറിങ്ങ് സംവിധാനം ഒഴിവാക്കി പകരം രണ്ട് മോട്ടോറുകൾ കൂടി വാങ്ങി നൽകുന്നതിനായി പദ്ധതി റിവൈസ് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 10 HP Kirloskar Motor - 2 എണ്ണം, 0.5 HP Kirloskar Motor എന്നിവയും, ഫൂട്ട് വാൽവ് , 27മീറ്റർ ഫ്ലെക്സിബിൾ ഹോസ് എന്നിവ വാങ്ങുന്നതിന് ടെൻഡർ ക്ഷണിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വയറിങ്ങ് നടത്താതെ 3 മോട്ടോറുകൾ എപ്രകാരം സ്ഥാപിച്ചു എന്ന് വ്യക്തമല്ല.
2. മോട്ടോറുകൾ പാടശേഖരസമിതിക്ക് കൈമാറിയപ്പോൾ പാടശേഖര സമിതിയുമായി കരാർ വെച്ചിട്ടില്ല
3. മോട്ടോറുകളുടെ ബിൽ , വാറന്റി കാർഡ് എന്നിവ ഫയലിൽ ലഭ്യമല്ല.

4. നിലവിൽ മോട്ടോർ പർച്ചേസ് നടത്തുക മാത്രമായിട്ടാണ് നടപ്പാക്കിയത്. പദ്ധതിയിൽ നിർമ്മാണ പ്രവൃത്തിയുടെയോ, ഇലക്ട്രിഫിക്കേഷന്റെയോ ഭാഗം നടപ്പാക്കിയിട്ടില്ല. പർച്ചേസ് മാത്രമുള്ള ഒരു പദ്ധതിക്ക് സൂപ്പർവിഷൻ ചാർജ് ഇനത്തിൽ തുക നൽകിയതിന്റെ കാരണം, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം അടച്ചതിന്റെ കാരണം എന്നിവ വ്യക്തമല്ല .
5. ടി മോട്ടോറുകൾ നിലവിൽ പാടശേഖരത്തിലെ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്ന വിവരവും ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/02.02.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്റ്റിനായുള്ള 200607/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 തലയോലപ്പറമ്പ് സി.എച്ച് .സി .യിൽ ടോയ്‌ലറ്റ് കോംപ്ലെക്സ് നിർമ്മാണം – ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല

148/21 തലയോലപ്പറമ്പ് സി.എച്ച്. സി. യിൽ ടോയ്‌ലറ്റ് കോംപ്ലെക്സ് നിർമ്മാണം

അസി. എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിക്കായി 2020-2021 ൽ 510979/- രൂപയും 2021-2022 വർഷം 767897/- രൂപയും ചെലവഴിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്നാൽ ടി ടോയ്‌ലെറ്റ് കോംപ്ലക്സിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ, സ്പിൽ ഓവർ ആയി പദ്ധതി നടപ്പാക്കിയപ്പോൾ പദ്ധതി റിവൈസ് ചെയ്യുകയോ ചെയ്തില്ല. ആയതിനാൽ നിലവിൽ വൈദ്യുതി സൗകര്യം ഇല്ലാതെയാണ് ടോയ്‌ലറ്റ് കോംപ്ലക്സ് പ്രവർത്തിപ്പിക്കുന്നത്. 13-ാം പദ്ധതി മാർഗ്ഗരേഖ - ഖണ്ഡിക 3.5.1-(9) പ്രകാരം - കെട്ടിട നിർമ്മാണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പദ്ധതി ആയി വേണം തയ്യാറാക്കേണ്ടത്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തി നടപ്പാക്കിയതിന്റെ കാരണം, ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.19/02.02.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടോയ്‌ലെറ്റ് കോംപ്ലക്സിന്റെ ഇലക്ട്രിഫിക്കേഷൻ നടപടികൾ അടിയന്തിരമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-26 ആയാംകുടി പള്ളിത്താഴെ പാടശേഖരം - ബണ്ട് ബലപ്പെടുത്തൽ - പെട്ടി പറ സ്ഥാപിക്കൽ - അപാകതകൾ

പ്രോജക്റ്റ് നമ്പർ 72/ 21 - ആയാംകുടി പള്ളിത്താഴെ പാടശേഖരം - ബണ്ട് ബലപ്പെടുത്തൽ - പെട്ടി പറ സ്ഥാപിക്കൽ

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പദ്ധതിയിൽ പെട്ടി പറ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി റൈഡ്കോ കോട്ടയം ബ്രാഞ്ച് -ൽ 497090 /- രൂപ ഡിപ്പോസിറ്റ് വർക്കായി നൽകിയിരുന്നു. സ്ഥാപനം ഹാജരാക്കിയ ടാക്സ് ഇൻവോയ്സിസിൽ ഇൻസ്റ്റലേഷൻ ചാർജ് ഇനത്തിൽ 13090/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫയലിലെ രേഖകൾ പ്രകാരം പെട്ടി പറ സ്ഥാപിക്കുന്നതിന് പകരം ടി ഉപകരണങ്ങൾ പാടശേഖര സമിതിക്ക് കൈമാറിയതായാണ് കാണുന്നത് (കൈപ്പറ്റ് രസീത് പ്രകാരം). പെട്ടി പറ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് പാടശേഖര സമിതി, മോണിറ്ററിങ് സമിതി എന്നിവരുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ടി പെട്ടി പറ സ്ഥാപിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം, പാടശേഖരസമിതിയുടെ റിപ്പോർട്ട്, മോണിറ്ററിങ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/02.02.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

2020-21ലെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 28.01.2022-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ വിവരം

സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷം തുകകളൊന്നും ലഭിച്ചില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം

തൻവർഷം വിവിധ പ്രോജക്ടുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 56/21 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -എസ്.സി വിവിധ പഞ്ചായത്തുകളിൽ (മുളക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് 12) | 300000 | 0 | 300000/- |
| കേരള വാട്ടർ അതോറിറ്റി | 99/21 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ്.സി.പി. (കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്) | 775000 | 0 | 775000 |
| കേരള വാട്ടർ അതോറിറ്റി | 145/21 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (തലയോലപ്പറമ്പ്,ഞീഴൂർ,വെള്ളൂർ, മുളക്കുളം ഗ്രാമപഞ്ചായത്തുകൾ) | 1879000- | 0 | 1879000- |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 167/21 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-എസ്.സി (തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്) | 244514 | 0 | 244514 |
| റെയ്ഡ്കോ ലിമി.കോട്ടയം ബ്രാഞ്ച് | 72/21-ആയാംകുടി പള്ളിത്താഴം പാടശേഖരത്തിന്റെ ബണ്ട് ബലപ്പെടുത്തൽ, പെട്ടി പറ സ്ഥാപിക്കൽ | 497090 | 497090 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ്, ചെലവ്, തിരിച്ചടവ് എന്നിവ ഇല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹ്യത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-35(1) | റീ-ഇംബേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2003-04 | 3-2 | 2006-07 | 3-31(1) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ചു | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62709554 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65050117 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9398548 |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 3130 | ഡോ.ബിജു ജോൺ, സിഎച്ച്സി അറുന്നൂറ്റിമംഗലം |
| 1-14 | 59898 | ശ്രീ.ഷിനോദ് പി.ആർ., സെക്രട്ടറി |
| 1-19 | 1478154 | ശ്രീ.ഷിനോദ് പി.ആർ., സെക്രട്ടറി |
| 1-19 | 1140938 | ശ്രീ.വി.ജെ.ജോസഫ്, സെക്രട്ടറി |
| 1-20 | 2519000 | ശ്രീ.ഷിനോദ് പി.ആർ., സെക്രട്ടറി |
| 1-20 | 679514 | ശ്രീ.വി.ജെ. ജോസഫ്, സെക്രട്ടറി |
| 1-21 | 3317307 | ശ്രീ.ബാബുരാജ് ജി., കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-24 | 200607 | ശ്രീമതി ലീന വി., അസിസ്റ്റന്റ് എഞ്ചിനീയർ എൽഎസ്ജിഡി |
| ആകെ | 9398548 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയതി 23.10.14 | 1 |

| | | |
|---|---|---|
| 1998-99 | കെഎസ്എ.കെടിഎം.പി15/1789/19/27.2.20 | 3 |
| 1999-00 | കെഎസ്എ.കെടിഎം.പി15/1002/19/28.9.19 | 7 |
| 2000-01,01-02 പ്ളാൻ | കെഎസ്എ.കെടിഎം.പി15/1645/19/26.2.20 | 5 |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയതി 13.9.06/11.10.06 | |
| 2004-05 | കെഎസ്എ.കെടിഎം.പി15/56/20/27.2.20 | 3 |
| 2005-06 | കെഎസ്എ.കെടിഎം.പി.15/1778/19/27.2.20 | 1 |
| 2006-07 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(3)/18, 07.05.18 | 18 |
| 2007-08 | എൽ.എഫ്.കെ.പി9/20/11 തീയതി 11.6.13 | |
| 2008-09 | കെഎസ്എ.കെടിഎം.പി15/106/20/4.11.20 | 7 |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(4)/18, 07.05.18 | 10 |
| 2010-11 | കെഎസ്എ.കെടിഎം.പി.15/512/19/8.5.19 | 6 |
| 2011-12 | കെഎസ്എ.കെടിഎം.പി.15/513/19/8.5.19 | 2 |
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(8)/18, 07.05.18 | 2 |
| 2014-15 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(9)/18, 07.05.18 | 3 |
| 2015-16 | കെഎസ്എ.കെടിഎം.പി.15-അദാ/18 /808(10)/18, 07.05.18 | 4 |
| 2016-17 | കെഎസ്എ-കെടിഎം.പി.15-877/20/4.1.20 | 2 |
| 2017-18 | കെഎസ്എ-കെടിഎം.പി.15-401/20/6.5.20 | 3 |
| 2018-19 | കെഎസ്എ-കെടിഎം.പി.15/991/20/6.10.20 | 11 |
| 2019-20 | നം.കെഎസ്എ-കെടിഎം.പി15/780/2020 /19.3.22 | 13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്